പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2604 07.10.2016 ൽ മറുപടിയ്ക്ക്

## വാഹനാപകടങ്ങൾക്കെതിരെ നിയമനടപടി

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വാഹനാപകടങ്ങളും അതുമൂലമുള്ള മരണവും വർദ്ധിച്ച വരുന്നതു ഗൗരവമായി അവലോകനം ചെയ്തിട്ടുണ്ടോ; | (എ)<br>&<br>(ബി) | വർദ്ധിച്ച വരുന്ന വാഹനാപകടങ്ങൾ തടയുന്നതിനായി മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുകയും ആധുനിക ഉപകരണങ്ങളായ ഇന്റർസെപ്റ്ററുകൾ, റഡാറുകൾ, ആൽക്കോ മീറ്ററുകൾ, രാത്രികാല ചെക്കിംഗ് ഉപകരണങ്ങൾ എന്നിവ വാങ്ങി എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ അലക്ഷ്യമായ ഡ്രൈവിംഗ്, അമിത വേഗത, ഫോൺ ഉപയോഗിച്ചുള്ള ഡ്രൈവിംഗ് എന്നിവ കണ്ടുപിടിക്കുന്നതിനായി വിവിധ ഇടങ്ങളിലായി ക്യാമറ സർവൈലൻസ് സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. |
| (ബി) | അപായകരമായ രീതിയിലുള്ള ഡ്രൈവിംഗ്, വാഹനമോടിച്ചുകൊണ്ടിരിക്കുമ്പോൾ മൊബൈൽ ഫോൺ ഉപയോഗിക്കുക, മത്സര ഓട്ടം തുടങ്ങിയ കാര്യങ്ങൾ കർശനമായി തടയുന്നതിനായി നടപടിയുണ്ടാകുമോ; | | |
| (സി) | ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ നിയമ ലംഘനത്തിന് തെളിവ് ശേഖരിക്കുകയും ആവർത്തിച്ചുള്ള നിയമലംഘനത്തിന് ഡ്രൈവിംഗ് ലൈസൻസ് റദ്ദാക്കുന്നതിനും ക്രിമിനൽ ചട്ടപ്രകാരമുള്ള നിയമനടപടി സ്വീകരിക്കാനും തയ്യാറാകുമോ? | (സി) | ആധുനിക സാങ്കേതിക വിദ്യകളായ ഇന്റർസെപ്റ്ററുകൾ, ആൽക്കോ മീറ്ററുകൾ എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിൽ നിയമലംഘനങ്ങളും കണ്ടെത്തുന്നുണ്ട്. നിയമം അനുശാസിക്കുന്ന കുറ്റങ്ങളിൽ ലൈസൻസ് റദ്ദു ചെയ്തുവരുന്നു. ആവർത്തിച്ചുള്ള നിയമ ലംഘനത്തിൽ ഡ്രൈവിംഗ് ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ